എം.റ്റി. (1)6232/2015.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി. 26.10.2017.

## സർക്കുലർ-46/17

വിഷയം: ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കെതിരെയുള്ള ആരോപണം - വിജിലൻസ് അന്വേഷണ റിപ്പോർട്ട് ശുപാർശ-ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കുന്നത്-സംബന്ധിച്ച്.

സൂചന:
1. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 01.06.2017ലെ 12738/ 17-ാം നമ്പർ റിട്ട് ഹർജിയുടെ വിധിന്യായം.
2. സർക്കാരിന്റെ 16.06.2015 ലെ 4037/പി.എസ്2/15/സഹ. നമ്പർ കത്ത്.

*************

ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കെതിരെയുള്ള ആരോപണങ്ങളിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ ശുപാർശയിലും സൂചന (1) വിധി ന്യായത്തിലും എല്ലാ ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാരും ജില്ലകളിലെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ ആധികാരികത ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ഉറപ്പ് വരുത്തുന്നതിന് വേണ്ടി ജില്ലകളിൽ പ്രവർത്തിക്കുന്ന എല്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിലെ അംഗങ്ങൾക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതും നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടെന്ന് അതാത് ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്. മേൽ നിർദ്ദേശം പാലിക്കാത്ത സംഘങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
സഹകരണസംഘം രജിസ്ട്രാർ.

പകർപ്പ്:

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ ജില്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും
4. സഹകരണ വീഥി/ജേർണൽ
5. വെബ്സൈറ്റ്
6. സ്റ്റോക്ക്ഫയൽ.

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എച്ച്.വി/എം.റ്റി)

എം.എസ്.